## 13-ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:5454** **1.07.2014-ൽ മറുപടിയ്ക്ക്**

കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ജമീലാ പ്രകാശം**<br>**ശ്രീ. മാത്യു റ്റി . തോമസ്**<br>**ശ്രീ.ജോസ് തെറ്റയിൽ**<br>**ശ്രീ.സി.കെ.നാണു** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ (കെ.ഇ.എൽ) കീഴിൽ കേരളത്തിലാകെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കീഴിൽ കുണ്ടറ, മാമല, എടരിക്കോട്, ഒലവക്കോട് എന്നിങ്ങനെ നാല് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഈ യൂണിറ്റുകളിലായി മൊത്തം എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കമോ ; | (ബി) ഈ യൂണിറ്റുകളിലായി മൊത്തം 587 ജീവനക്കാർ ജോലി ചെയ്യുന്നു. |
| (സി) കുണ്ടറ യൂണിറ്റിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) കുണ്ടറ യൂണിറ്റിൽ 258 ജീവനക്കാർ ജോലി ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | 2011-2012 സാമ്പത്തിക വർഷത്തിൽ (കെ. ഇ . എൽ) ന്റെ കുണ്ടറ യൂണിറ്റിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ട് വിഹിതവും നൽകാനുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | 2011-12 സാമ്പത്തിക വർഷത്തിൽ കെല്ലിന്റെ കുണ്ടറ യൂണിറ്റിൽ നിന്നും പിരിഞ്ഞു പോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുകയും പി.എഫ്. വിഹിതം അടക്കുകയും ചെയ്തിട്ടുണ്ട്. 2011 ആഗസ്റ്റ് മാസം മുതലുള്ള പി.എഫിന്റെ തൊഴിലുടമവിഹിതം കമ്പനി അടച്ചിട്ടില്ല. |
| (ഇ) | കെ.ഇ.എൽ തൊഴിലുടമാവിഹിതം അടയ്ക്കാതിരുന്നതു കൊണ്ടാണ് ഈ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ട് വിഹിതവും കിട്ടാതിരുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | |
| (എഫ്) | സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചാൽ മാത്രമേ കെ.ഇ.എൽ ന് തൊഴിലുടമാവിഹിതവും മറ്റും അടയ്ക്കുവാൻ കഴിയുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എഫ്) | പി.എഫ്, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിനുള്ള ഉത്തരവാദിത്തം അതാത് കമ്പനികൾക്കാണ് ഉള്ളത്. കുണ്ടറ യൂണിറ്റിന് പ്രവർത്തന മൂലധനം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |
| (ജി) | എങ്കിൽ ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ജി) | |

Manu

സെക്ഷൻ ഓഫീസർ